# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ

**എ.എ.എസ്. 15/2021** (വെള്ളിയാഴ്ച) **തീയ്യതി: 19.02.2021**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 20.02.2021 | 21.02.2021 | 22.02.2021 | 23.02.2021 | 24.02.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 0 | 0.5 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 33 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 84 | 84 | 84 | 84 | 84 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 43 | 43 | 43 | 43 | 43 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 8 | 12 | 12 | 12 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 90 | 90 | 90 | 90 |
| മേഘവ്യാപ്തി (ഒക്ട) | 5 | 5 | 4 | 4 | 2 |

ജില്ലയിൽ വരും ദിവസങ്ങളിൽ മഴയ്ക്കുള്ള സാധ്യത കുറവാണ്. കൂടിയ താപനില 34 °C വരെയും കുറഞ്ഞ താപനില 25 °C വരെയും ആകാൻ സാധ്യത.

**പൊതു നിർദ്ദേശങ്ങൾ**: കൃഷിയിടങ്ങൾ ആവശ്യാനുസരണം നനച്ചു കൊടുക്കുക. വിളകൾക്ക് പുതയിട്ടു കൊടുക്കുക. കീടരോഗ സാധ്യത കൂടിയ സമയമായതിനാൽ തുടക്കത്തിൽ തന്നെ അത് തടയാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക..

### കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| പച്ചക്കറികൾ | നീരൂറ്റി കുടിക്കുന്ന പ്രാണികൾ | അന്തരീക്ഷ ഊഷ്മാവ് കൂടിവരുന്നതിനാൽ നീരൂറ്റി കുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| | കുരുടിപ്പ് രോഗം | പച്ചക്കറികളെ ബാധിക്കുന്ന കുരുടിപ്പ് രോഗം തടയുന്നതിനായി 10 ദിവസം കൂടുമ്പോൾ അസാഡിറാക്റ്റിൻ അടങ്ങിയ കീടനാശിനികൾ തളിച്ച് കൊടുക്കുക. |
| നെല്ല് | ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം | ഞാറു പറിച്ചു നട്ടതിനു ശേഷം നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. |
| പയർ | വിത്തുപാകൽ | മൂന്നാം വിളയായി നെല്ല് കൃഷി ചെയ്യാൻ കഴിയാത്ത പാടങ്ങളിൽ പയർ വിത്തുകൾ വിതയ്ക്കാവുന്നതാണ്. വിത്തുകൾ റൈസോബിയം കൾച്ചറിൽ 500 ഗ്രാം 8 കിലോഗ്രാം പയർ വിത്തിനു എന്ന കണക്കിൽ അല്പം കഞ്ഞിവെള്ളം ചേർത്ത് കുഴച്ചു കുഴമ്പു രൂപത്തിലാക്കി തണലത്തു വച്ച് 30 മിനിറ്റ് നേരത്തേക്ക് ഉണക്കിയതിന് ശേഷം തയ്യാറാക്കിയ കൃഷിയിടത്തിലേക്ക് വിതയ്ക്കാവുന്നതാണ്. |